# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 18 — 10.12.2012-ൽ മറുപടിയ്ക്ക്

### സ്വകാര്യ കണ്ടൽകാടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>,, വി. എസ്. സുനിൽ കുമാർ<br>,, ഇ. കെ. വിജയൻ<br>,, ചിറ്റയം ഗോപകുമാർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; | എ) 1. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടലുകൾ സംരക്ഷിക്കാനായി ഉടമകൾക്ക് പാരിതോഷികം നൽകുക.<br>2. ഹരിതതീരം പദ്ധതി പ്രകാരം തീര പ്രദേശങ്ങളിലെ കണ്ടൽ വനവല്കരണം.<br>3. കണ്ടൽ കാടുകൾ ഉൾപ്പെടെയുള്ള ജൈവ വൈവിധ്യ സമ്പന്ന പ്രദേശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ അവബോധം പൊതുജനങ്ങളിൽ എത്തിക്കാൻ പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുക.<br>4. കണ്ടൽ കാടുകളെ കുറിച്ചും അവയുടെ പ്രാധാന്യത്തെ കുറിച്ചും ലഘുലേഖനങ്ങൾ പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുക.<br>കൂടാതെ കണ്ടൽ കാടുകളെ Kerala Promotion of Tree Growth in Non-Forest Area Act,2005-ന്റെ സെക്ഷൻ 6 പ്രകാരം നോട്ടിഫൈ ചെയ്ത ഭൂമിയായി കണക്കാക്കി സംരക്ഷണം നൽകി വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഇവ ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ ഏറ്റെടുത്തിട്ടുണ്ടെന്ന വെളിപ്പെടുത്തുമോ; | ബി) | നടപടി സ്വീകരിച്ച വരുന്നു. |
| സി) | സ്വകാര്യ ഭൂമിയിൽ കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; ഇതിനകം എത്രപേർക്ക് സഹായം നൽകിയിട്ടുണ്ട്; | സി) | ഉണ്ട്. സ്വകാര്യ കണ്ടൽകാട്ടുകൾ വച്ച് പിടിപ്പിക്കുന്നതിനും അത് സംരക്ഷിക്കുന്നതിനും കണ്ടൽകാട്ടുകളുടെ വിസ്തൃതി ,നിബിഢത മുതലായവ കണക്കിലെടുത്ത് പാരിതോഷികം നൽകി വരുന്നു. ഇതുവരെ 187 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| ഡി) | കണ്ടൽ പ്രദേശങ്ങളിൽ വൻകിട ടൂറിസം പദ്ധതികൾ പരിഗണനയിലുണ്ടോ? | ഡി) | വനം വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ